## ക്രിസ്തുവിന്റെ ശരീരമായ സഭയുടെ കെട്ടുപണിക്കുവേണ്ടിയും, രാജ്യത്തിന്റെ യാഥാർഥ്യത്തിനും പ്രത്യക്ഷതയ്ക്കുംവേണ്ടിയും, കർത്താവിന്റെ വരവിനുവേണ്ടി മണവാട്ടി തന്നെത്താൻ ഒരുക്കുന്നതിനുവേണ്ടിയും നല്ലദേശത്താൽ മുൻകുറിക്കപ്പെടുന്ന സർവവും-ഉൾക്കൊള്ളുന്ന ക്രിസ്തുവിന്മേൽ അധ്വാനിക്കുന്നു

ദൂത് എട്ട്

# നമുക്ക് ഒന്നിനും കുറവില്ലാത്ത ദേശമായ നല്ലദേശമെന്ന നിലയിൽ സർവവും-ഉൾക്കൊള്ളുന്ന ക്രിസ്തുവിനെ അനുഭവമാക്കുകയും ആസ്വദിക്കുകയും ചെയ്യുന്നു

RA *Hymns:* ML48, ML15

തിരുവെഴുത്ത് വായന: കൊലൊ. 1:12; 2:6-15, 19;
ആവ. 8:9; ഉല്പ. 17:1; ഫിലി. 1:19

Col. 1:12 വെളിച്ചത്തിലുള്ള വിശുദ്ധന്മാർക്ക് നറുക്കിട്ടുനൽകപ്പെട്ട ഓഹരിയുടെ പങ്കിനായി നിങ്ങളെ യോഗ്യരാക്കിയ പിതാവിനെ സ്തോത്രം ചെയ്യുന്നു;

Col. 2:6 ആകയാൽ നിങ്ങൾ യേശു കർത്താവായ, ക്രിസ്തുവിനെ കൈക്കൊണ്ടതുപോലെ, അവനിൽ നടക്കുവിൻ,

Col. 2:7 അവനിൽ വേരൂന്നി പണിയപ്പെട്ടുകൊണ്ട്, നിങ്ങളെ ഉപദേശിച്ചതുപോലെ വിശ്വാസത്തിൽ ഉറച്ചും, സ്തോത്രത്തിൽ വർധിച്ചുംകൊണ്ട് തന്നെ.

Col. 2:8 ആരും തന്റെ തത്ത്വജ്ഞാനവും വെറും വഞ്ചനയും മുഖാന്തരം നിങ്ങളെ കൊള്ളയായി എടുത്തുകൊണ്ടുപോകാതിരിക്കുവാൻ സൂക്ഷിക്കുവിൻ, അത് മനുഷ്യരുടെ പാരമ്പര്യത്തിനൊത്തവണ്ണം, ലോകത്തിന്റെ ആദ്യപാഠങ്ങൾക്കൊത്തവണ്ണം അല്ലാതെ ക്രിസ്തുവിനൊത്തവണ്ണമല്ല;

Col. 2:9 അവനിലല്ലോ ദൈവത്വത്തിന്റെ സകല നിറവും ദേഹരൂപമായി വസിക്കുന്നത്,

Col. 2:10 സകല വാഴ്ച്ചയ്ക്കും അധികാരത്തിനും തലയായ അവനിൽ നിങ്ങളും പൂർണരായിരിക്കുന്നു.

Col. 2:11 അവനിൽ നിങ്ങളെയും, ക്രിസ്തുവിന്റെ പരിച്ഛേദനയിൽ, ജഡശരീരം ഉരിഞ്ഞുകളഞ്ഞതിൽ, കൈകളാൽ അല്ലാത്ത പരിച്ഛേദനയാൽ പരിച്ഛേദന ചെയ്തു,

Col. 2:12 സ്നാനത്തിൽ നിങ്ങൾ അവനോടുകൂടെ അടക്കപ്പെടുകയും, അതിൽ അവനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ച ദൈവത്തിന്റെ വ്യാപാരത്തിന്റെ വിശ്വാസം മുഖാന്തരം അവനോടുകൂടെ ഉയിർപ്പിക്കപ്പെടുകയും ചെയ്തു.

Col. 2:13 നിങ്ങളോ, നിങ്ങളുടെ അതിക്രമങ്ങളിലും നിങ്ങളുടെ ജഡത്തിന്റെ അഗ്രചർമത്തിലും മരിച്ചവരെങ്കിലും, നമ്മുടെ എല്ലാ അതിക്രമങ്ങളും നമ്മോട് ക്ഷമിച്ചശേഷം, അവനോടുകൂടെ അവൻ ജീവിപ്പിച്ചു;

Col. 2:14 നമുക്ക് എതിരായിരുന്ന, നമുക്ക് വിരുദ്ധമായിരുന്ന, ചട്ടങ്ങളിലെ കൈയെഴുത്ത് മായ്ച്ചുകളയുകയും, അതിനെ ക്രൂശിൽ തറച്ചിട്ട്, അവൻ വഴിയിൽനിന്ന് നീക്കിക്കളയുകയും ചെയ്തു.

Col. 2:15 വാഴ്ച്ചകളെയും അധികാരങ്ങളെയും ഉരിഞ്ഞുകളഞ്ഞ്, ക്രൂശിൽ അവരുടെമേൽ ജയോത്സവം കൊണ്ടാടി, അവൻ അവരെ പരസ്യമായ കാഴ്ച്ചയാക്കി.

Col. 2:19 തലയെ മുറുകെപ്പിടിക്കാതെ തന്നെ. അവനിൽ നിന്നല്ലോ ശരീരം മുഴുവൻ, സന്ധികളും ഞരമ്പുകളും മുഖാന്തരം സമ്പന്ന സഹായം ലഭിച്ചും കൂട്ടിയിണയ്ക്കപ്പെട്ടുംകൊണ്ട്, ദൈവത്തിന്റെ വളർച്ചയാൽ വളരുന്നത്.

Deut. 8:9 ഒലിവുവൃക്ഷവും തേനും ഉള്ള ദേശം; സുഭിക്ഷമായി ഉപജീവനം കഴിയാകുന്നതും

ഒന്നിനും കുറവില്ലാത്തതുമായ ദേശം; കല്ലു ഇരിമ്പായിരിക്കുന്നതും മലകളിൽനിന്നു താമ്രം വെട്ടി എടുക്കുന്നതുമായ ദേശം.

Gen. 17:1 അബ്രാമിന്നു തൊണ്ണൂറ്റൊമ്പതു വയസ്സായപ്പോൾ യഹോവ അബ്രാമിന്നു പ്രത്യക്ഷനായി അവനോടു: ഞാൻ സർവ്വശക്തിയുള്ള ദൈവം ആകുന്നു; നീ എന്റെ മുമ്പാകെ നടന്നു നിഷ്കളങ്കനായിരിക്ക.

Phil. 1:19 നിങ്ങളുടെ അപേക്ഷയാലും യേശു ക്രിസ്തുവിന്റെ ആത്മാവിന്റെ ധാരാളമായ സഹായത്താലും ഇത് എനിക്ക് രക്ഷയ്ക്കായി ഭവിക്കും എന്നു ഞാൻ അറിയുന്നു,

**I. സർവോൽകൃഷ്ടനും സർവവും-ഉൾക്കൊള്ളുന്നവനുമായ ക്രിസ്തു നമ്മുടെ അനുഭവത്തിനും ആസ്വാദനത്തിനുംവേണ്ടി വെളിച്ചത്തിലുള്ള വിശുദ്ധന്മാരുടെ നറുക്കിട്ടുനൽകപ്പെട്ട ഓഹരിയാണ്—1:12:**

Col. 1:12 വെളിച്ചത്തിലുള്ള വിശുദ്ധന്മാർക്ക് നറുക്കിട്ടുനൽകപ്പെട്ട ഓഹരിയുടെ പങ്കിനായി നിങ്ങളെ യോഗ്യരാക്കിയ പിതാവിനെ സ്തോത്രം ചെയ്യുന്നു;

A. യിസ്രായേൽമക്കൾക്ക് അവരുടെ അവകാശമായി നല്ല ദേശമായ കനാനെ നറുക്കിട്ടുനൽകിയത് ചിത്രീകരിക്കുന്നതുപോലെ, നറുക്കിട്ടുനൽകപ്പെട്ട ഓഹരി അവകാശത്തിന്റെ പങ്കിനെ സൂചിപ്പിക്കുന്നു—യോശു. 14:1.

Josh. 14:1 കനാൻദേശത്തു യിസ്രായേൽമക്കൾക്കു അവകാശമായി ലഭിച്ച ദേശങ്ങൾ ആവിതു: പുരോഹിതനായ എലെയാസാരും നൂന്റെ മകനായ യോശുവയും യിസ്രായേൽഗോത്രപിതാക്കന്മാരിൽ തലവന്മാരും ഇവ അവർക്കു വിഭാഗിച്ചുകൊടുത്തു.

B. പുതിയനിയമ വിശ്വാസികളുടെ നറുക്കിട്ടുനൽകപ്പെട്ട ഓഹരി ഒരു ഭൗതിക ദേശമല്ല; അത് ജീവൻ-നൽകുന്ന ആത്മാവായ സർവവും-ഉൾക്കൊള്ളുന്ന ക്രിസ്തു ആണ്—കൊലൊ. 2:6-7; ഗലാ. 3:14:

Col. 2:6 ആകയാൽ നിങ്ങൾ യേശു കർത്താവായ, ക്രിസ്തുവിനെ കൈക്കൊണ്ടതുപോലെ, അവനിൽ നടക്കുവിൻ,

Col. 2:7 അവനിൽ വേരൂന്നി പണിയപ്പെട്ടുകൊണ്ട്, നിങ്ങളെ ഉപദേശിച്ചതുപോലെ വിശ്വാസത്തിൽ ഉറച്ചും, സ്തോത്രത്തിൽ വർധിച്ചുംകൊണ്ട് തന്നെ.

Gal. 3:14 അത് അബ്രാഹാമിന്റെ അനുഗ്രഹം ക്രിസ്തു യേശുവിൽ ജാതികൾക്ക് വരേണ്ടതിന്, നാം വിശ്വാസത്താൽ ആത്മാവ് എന്ന വാഗ്ദത്തം പ്രാപിക്കേണ്ടതിനാകുന്നു.

1. നല്ലദേശത്തിന്റെ സമ്പന്നത, അവന്റെ ആത്മാവിൽ വിശ്വാസികൾക്കുള്ള ധാരാളമായ സഹായമെന്ന നിലയിൽ, വ്യത്യസ്ത വശങ്ങളിലുള്ള ക്രിസ്തുവിന്റെ അപ്രമേയ ധനത്തെ മുൻകുറിക്കുന്നു—ആവ. 8:7-10; എഫെ. 3:8; ഫിലി. 1:19.

Deut. 8:7 നിന്റെ ദൈവമായ യഹോവ നല്ലോരു ദേശത്തേക്കല്ലോ നിന്നെ കൊണ്ടുപോകുന്നതു; അതു താഴ്വരയിൽനിന്നും മലയിൽനിന്നും പുറപ്പെടുന്ന നീരൊഴുക്കുകളും ഉറവുകളും തടാകങ്ങളും ഉള്ള ദേശം;

Deut. 8:8 കോതമ്പും യവവും മുന്തിരിവള്ളിയും അത്തിവൃക്ഷവും മാതളനാരകവും ഉള്ള ദേശം;

Deut. 8:9 ഒലിവുവൃക്ഷവും തേനും ഉള്ള ദേശം; സുഭിക്ഷമായി ഉപജീവനം കഴിയാകുന്നതും ഒന്നിനും കുറവില്ലാത്തതുമായ ദേശം; കല്ലു ഇരിമ്പായിരിക്കുന്നതും മലകളിൽനിന്നു താമ്രം വെട്ടി എടുക്കുന്നതുമായ ദേശം.

Deut. 8:10 നീ ഭക്ഷിച്ചു തൃപ്തിപ്രാപിക്കുമ്പോൾ നിന്റെ ദൈവമായ യഹോവ

നിനക്കു തന്നിരിക്കുന്ന നല്ല ദേശത്തെക്കുറിച്ചു നീ അവന്നു സ്തോത്രം ചെയ്യേണം.

Eph. 3:8 സകല വിശുദ്ധന്മാരിലും ഏറ്റവും ചെറിയവനിലും ചെറിയവനായ എനിക്ക്, ജാതികളോട് ക്രിസ്തുവിന്റെ അപ്രമേയ ധനത്തെ സുവിശേഷമായി അറിയിക്കുവാനും,

Phil. 1:19 നിങ്ങളുടെ അപേക്ഷയാലും യേശു ക്രിസ്തുവിന്റെ ആത്മാവിന്റെ ധാരാളമായ സഹായത്താലും ഇത് എനിക്ക് രക്ഷയ്ക്കായി ഭവിക്കും എന്നു ഞാൻ അറിയുന്നു,

2. ദേശത്തിന്റെ സമ്പന്നത ആസ്വദിക്കുന്നതിലൂടെ, ക്രിസ്തുവിലുള്ള വിശ്വാസികൾ ദൈവത്തിന്റെ ഭവനവും ദൈവത്തിന്റെ രാജ്യവുമായ ക്രിസ്തുവിന്റെ ശരീരമാകുവാൻ പണിയപ്പെടുന്നു—എഫെ. 1:22-23; 2:21-22; 1 തിമൊ. 3:15; മത്താ. 16:18-19; റോമ. 14:17.

Eph. 1:22 സകലവും അവന്റെ കാൽക്കീഴിൽ കീഴ്പ്പെടുത്തുകയും അവനെ എല്ലാറ്റിനുംമീതെ തലയാക്കി,

Eph. 1:23 എല്ലാറ്റിലും എല്ലാം നിറയ്ക്കുന്നവന്റെ നിറവായ അവന്റെ ശരീരമായ, സഭയ്ക്ക് നൽകുകയും ചെയ്തു.

Eph. 2:21 അവനിൽ കെട്ടിടം മുഴുവൻ, യുക്തമായി ചേർന്ന്, കർത്താവിൽ വിശുദ്ധ ആലയമായി വളരുന്നു;

Eph. 2:22 അവനിൽ, നിങ്ങളും ആത്മാവിൽ ദൈവത്തിന്റെ വാസസ്ഥലമായി ഒന്നിച്ചു പണിയപ്പെടുന്നു.

1 Tim. 3:15 എന്നാൽ ഞാൻ താമസിച്ചുപോയാൽ, സത്യത്തിന്റെ തൂണും അടിസ്ഥാനവുമായ, ജീവനുള്ള ദൈവത്തിന്റെ സഭയാകുന്ന ദൈവ ഭവനത്തിൽ ഒരുവൻ തന്നെത്താൻ നടത്തേണ്ടത് എങ്ങനെ എന്ന് നീ അറിയേണ്ടതിനു ഞാൻ എഴുതുന്നു.

Matt. 16:18 നീ പത്രൊസ് ആകുന്നു; ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും, പാതാളകവാടങ്ങൾ അതിനെതിരെ പ്രബലപ്പെടുകയില്ല എന്നും ഞാൻ നിന്നോടു പറയുന്നു.

Matt. 16:19 സ്വർഗരാജ്യത്തിന്റെ താക്കോലുകൾ ഞാൻ നിനക്കു നൽകും, ഭൂമിയിൽ നീ എന്ത് ബന്ധിക്കുന്നുവോ അതു സ്വർഗത്തിൽ ബന്ധിക്കപ്പെട്ടതായിരിക്കും, ഭൂമിയിൽ നീ എന്ത് അഴിക്കുന്നുവോ അതു സ്വർഗത്തിൽ അഴിക്കപ്പെട്ടതായിരിക്കും.

Rom. 14:17 എന്തെന്നാൽ ദൈവരാജ്യം ഭക്ഷിക്കുന്നതും പാനം ചെയ്യുന്നതുമല്ല, നീതിയും സമാധാനവും പരിശുദ്ധാത്മാവിലുള്ള സന്തോഷവും അത്രേ.

C. നല്ലദേശമായ സർവവും-ഉൾക്കൊള്ളുന്ന ക്രിസ്തുവിനെ ആസ്വദിക്കുവാൻ നാം *വെളിച്ചത്തിൽ* ആയിരിക്കണം; വെളിച്ചം ദൈവത്തിന്റെ സാന്നിധ്യമാണ്—കൊലൊ. 1:12; 1 പത്രൊ. 2:9; യെശ. 2:5; 1 യോഹ. 1:5:

Col. 1:12 വെളിച്ചത്തിലുള്ള വിശുദ്ധന്മാർക്ക് നറുക്കിട്ടുനൽകപ്പെട്ട ഓഹരിയുടെ പങ്കിനായി നിങ്ങളെ യോഗ്യരാക്കിയ പിതാവിനെ സ്തോത്രം ചെയ്യുന്നു;

1 Pet. 2:9 എന്നാൽ നിങ്ങൾ, അന്ധകാരത്തിൽ നിന്ന് തന്റെ അത്ഭുത പ്രകാശത്തിലേക്കു നിങ്ങളെ വിളിച്ചവന്റെ നന്മകളെ ഘോഷിക്കുവാൻ തക്കവണ്ണം, തിരഞ്ഞെടുക്കപ്പെട്ട ഒരു വംശവും, രാജകീയ പുരോഹിത വർഗവും, വിശുദ്ധ ജാതിയും, അവകാശത്തിനായി സ്വായത്തമാക്കപ്പെട്ട

ജനവുമാകുന്നു;

Isa. 2:5 യാക്കോബുഗൃഹമേ, വരുവിൻ; നമുക്കു യഹോവയുടെ വെളിച്ചത്തിൽ നടക്കാം.

1 John. 1:5 ഇതു കൂടാതെ, ദൈവം വെളിച്ചം ആകുന്നു എന്നും അവനിൽ ഇരുട്ട് ഒട്ടുമില്ല എന്നും ഞങ്ങൾ അവനിൽനിന്നു കേട്ട് നിങ്ങളോട് അറിയിക്കുന്ന ദൂതാകുന്നു.

1. ദൈവം വെളിച്ചം ആകുന്നു—വാ. 5.

1 John. 1:5 ഇതു കൂടാതെ, ദൈവം വെളിച്ചം ആകുന്നു എന്നും അവനിൽ ഇരുട്ട് ഒട്ടുമില്ല എന്നും ഞങ്ങൾ അവനിൽനിന്നു കേട്ട് നിങ്ങളോട് അറിയിക്കുന്ന ദൂതാകുന്നു.

2. ദൈവവചനം വെളിച്ചമാകുന്നു—സങ്കീ. 119:105, 130.

Psa. 119:105 നിന്റെ വചനം എന്റെ കാലിന്നു ദീപവും എന്റെ പാതെക്കു പ്രകാശവും ആകുന്നു.

Psa. 119:130 നിന്റെ വചനങ്ങളുടെ വികാശനം പ്രകാശപ്രദം ആകുന്നു; അതു അല്പബുദ്ധികളെ ബുദ്ധിമാന്മാരാക്കുന്നു.

3. ക്രിസ്തു വെളിച്ചമാകുന്നു—യോഹ. 8:12; 9:5.

John. 8:12 അതുകൊണ്ട് യേശു പിന്നെയും അവരോട് ഞാൻ ലോകത്തിന്റെ വെളിച്ചം ആകുന്നു; എന്നെ അനുഗമിക്കുന്നവൻ ഒരുവിധത്തിലും ഇരുളിൽ നടക്കാതെ ജീവന്റെ വെളിച്ചമുള്ളവനാകും എന്നു പറഞ്ഞു.

John. 9:5 ഞാൻ ലോകത്തിലായിരിക്കുമ്പോൾ, ലോകത്തിന്റെ വെളിച്ചം ആകുന്നു.

4. ക്രിസ്തുവിന്റെ ജീവൻ വെളിച്ചമാകുന്നു—1:4.

John. 1:4 അവനിൽ ജീവൻ ഉണ്ടായിരുന്നു, ജീവൻ മനുഷ്യരുടെ വെളിച്ചം ആയിരുന്നു.

5. വിശ്വാസികൾ വെളിച്ചമാകുന്നു—മത്താ. 5:14; ഫിലി. 2:15.

Matt. 5:14 നിങ്ങൾ ലോകത്തിന്റെ വെളിച്ചമാകുന്നു. മലമേൽ സ്ഥിതിചെയ്യുന്ന പട്ടണം മറഞ്ഞിരിക്കുന്നത് അസാധ്യമാകുന്നു.

Phil. 2:15 ജീവന്റെ വചനത്തെ അവരുടെ മുമ്പാകെ വച്ചുകൊണ്ട് നിങ്ങൾ ലോകത്തിൽ ജ്യോതിസ്സുകളെപ്പോലെ പ്രകാശിക്കുന്നു,

6. സഭ വെളിച്ചത്തെ പ്രകാശിക്കുന്ന ഒരു നിലവിളക്കാകുന്നു—വെളി. 1:20; സങ്കീ. 73:16-17.

Rev. 1:20 എന്റെ വലംകൈയിന്മേൽ നീ കണ്ട ഏഴു നക്ഷത്രങ്ങളുടെയും ഏഴു പൊൻനിലവിളക്കുകളുടെയും മർമം: ഏഴു നക്ഷത്രങ്ങൾ ഏഴു സഭകളുടെ ദൂതന്മാരാകുന്നു, ഏഴു നിലവിളക്കുകൾ ഏഴു സഭകൾ ആകുന്നു.

Psa. 73:16 ഞാൻ ഇതു ഗ്രഹിപ്പാൻ നിരൂപിച്ചപ്പോൾ എനിക്കു പ്രയാസമായി തോന്നി;

Psa. 73:17 ഒടുവിൽ ഞാൻ ദൈവത്തിന്റെ വിശുദ്ധ മന്ദിരത്തിൽ ചെന്നു അവരുടെ അന്തം എന്താകും എന്നു ചിന്തിച്ചു.

**II. നാം മണ്ണിൽനിന്നും ആഗിരണം ചെയ്യുന്ന മൂലകങ്ങളാൽ വളരത്തക്കവണ്ണം, നമുക്ക് ഒന്നിനും കുറവില്ലാത്ത ദേശം എന്ന (ആവ. 8:9), നല്ലദേശമായ ക്രിസ്തു നാം വേരൂന്നിയിരിക്കുന്ന സമ്പന്നമായ മണ്ണാണെന്ന് (എഫെ. 3:17) കൊലൊസ്സ്യർ 2:6-7 വെളിപ്പെടുത്തുന്നു:**

Col. 2:6 ആകയാൽ നിങ്ങൾ യേശു കർത്താവായ, ക്രിസ്തുവിനെ

കൈക്കൊണ്ടതുപോലെ, അവനിൽ നടക്കുവിൻ,

Col. 2:7 അവനിൽ വേരൂന്നി പണിയപ്പെട്ടുകൊണ്ട്, നിങ്ങളെ ഉപദേശിച്ചതുപോലെ വിശ്വാസത്തിൽ ഉറച്ചും, സ്തോത്രത്തിൽ വർധിച്ചുംകൊണ്ട് തന്നെ.

Deut. 8:9 ഒലിവുവൃക്ഷവും തേനും ഉള്ള ദേശം; സുഭിക്ഷമായി ഉപജീവനം കഴിയാകുന്നതും ഒന്നിന്നും കുറവില്ലാത്തതുമായ ദേശം; കല്ലു ഇരിമ്പായിരിക്കുന്നതും മലകളിൽനിന്നു താമ്രം വെട്ടി എടുക്കുന്നതുമായ ദേശം.

Eph. 3:17 അത് ക്രിസ്തു വിശ്വാസത്താൽ നിങ്ങളുടെ ഹൃദയങ്ങളിൽ തന്റെ ഭവനം പണിയുവാനും, അത് നിങ്ങൾ സ്നേഹത്തിൽ വേരൂന്നി അടിസ്ഥാനപ്പെട്ട്,

A. ദൈവം യഥാർഥ കൃഷിക്കാരനും, പൗലൊസ് അവന്റെ കൂട്ടുവേലക്കാരിൽ ഒരുവനുമായിരുന്നു (1 കൊരി. 3:6-9; 2 കൊരി. 6:1); മണ്ണായ ക്രിസ്തുവിലേക്ക് പൗലൊസ് വിശ്വാസികളെ നട്ടു.

1 Cor. 3:6 ഞാൻ നട്ടു, അപ്പൊല്ലോസ് നനച്ചു, ദൈവമത്രേ വളരുമാറാക്കിയത്.

1 Cor. 3:7 അതിനാൽ വളരുമാറാക്കുന്ന ദൈവമല്ലാതെ, നടുന്നവനോ നനയ്ക്കുന്നവനോ ഏതുമല്ല.

1 Cor. 3:8 നടുന്നവനും നനയ്ക്കുന്നവനും ഒന്നാകുന്നു, എന്നാൽ ഓരോരുത്തനും അവനവന്റെ അധ്വാനത്തിനൊത്തവണ്ണം അവനവന്റെ പ്രതിഫലം ലഭിക്കും.

1 Cor. 3:9 ഞങ്ങൾ ദൈവത്തിന്റെ കൂട്ടുവേലക്കാർ; നിങ്ങൾ ദൈവത്തിന്റെ കൃഷിയിടം, ദൈവത്തിന്റെ കെട്ടിടം.

2 Cor. 6:1a അങ്ങനെ അവനോടുകൂടെ വേല ചെയ്തുകൊണ്ട്,;...

B. ക്രിസ്തുവിലേക്ക് നട്ടിരിക്കുന്ന നാം അവനെ ആഗിരണം ചെയ്യുവാൻ അനുദിനം സമയമെടുക്കണം; നമ്മുടെ അനുഭവത്തിൽ നാം അവനിൽ പൂർണരാകേണ്ടതിന് സമ്പന്ന മണ്ണെന്ന നിലയിൽ ക്രിസ്തുവിന്റെ എല്ലാ മൂലകങ്ങളും നമ്മിലേക്ക് ആഗിരണം ചെയ്യത്തക്കവണ്ണം സർവവും-ഉൾക്കൊള്ളുന്ന ദേശമായ കർത്താവിനെ ആസ്വദിക്കുവാൻ നാം സമയമെടുക്കണം—കൊലൊ. 2:10; 4:2:

Col. 2:10b തലയായ അവനിൽ നിങ്ങളും പൂർണരായിരിക്കുന്നു.

Col. 4:2 പ്രാർഥനയിൽ ഉറ്റിരിക്കുവിൻ, സ്തോത്രത്തോടെ അതിൽ ജാഗരിക്കുവിൻ,

1. മണ്ണായ ക്രിസ്തുവിന്റെ സമ്പന്നത നാം ആഗിരണം ചെയ്യണമെങ്കിൽ, നമുക്ക് മൃദുവായ പുതുവേരുകൾ ഉണ്ടായിരിക്കണം—2 രാജാ. 19:30; യെശ. 37:31; യിരെ. 17:7-8; പ്ര.നി. മർക്കൊ. 4:16-17; 2 കൊരി. 4:16.

2 Kings. 19:30 യെഹൂദാഗൃഹത്തിൽ ശേഷിച്ചിരിക്കുന്ന ഒരു രക്ഷിതഗണം വീണ്ടും താഴെ വേരൂന്നി മീതെ ഫലം കായിക്കും.

Isa. 37:31 യെഹൂദാഗൃഹത്തിൽ രക്ഷപ്പെട്ട ഒരു ശേഷിപ്പു വീണ്ടും താഴേ വേരൂന്നി മീതെ ഫലം കായിക്കും.

Jer. 17:7 യഹോവയിൽ ആശ്രയിക്കയും യഹോവ തന്നേ ആശ്രയമായിരിക്കയും ചെയ്യുന്ന മനുഷ്യൻ ഭാഗ്യവാൻ.

Jer. 17:8 അവൻ വെള്ളത്തിന്നരികെ നട്ടിരിക്കുന്നതും ആറ്റരികെ വേരൂന്നിയിരിക്കുന്നതുമായ വൃക്ഷംപോലെയാകും; ഉഷ്ണം തട്ടുമ്പോൾ അതു പേടിക്കയില്ല; അതിന്റെ ഇല പച്ചയായിരിക്കും; വരൾച്ചയുള്ള കാലത്തും വാട്ടം തട്ടാതെ ഫലം

കായിച്ചുകൊണ്ടിരിക്കും.

Mark. 4:16 അതുപോലെ, പാറസ്ഥലങ്ങളിൽ വിതയ്ക്കപ്പെടുന്നവർ ഇവരാകുന്നു, അവർ വചനം കേൾക്കുമ്പോൾ ഉടനെ അത് സന്തോഷത്തോടെ സ്വീകരിക്കുന്നു.

Mark. 4:17 എങ്കിലും അവർക്കു തങ്ങളിൽത്തന്നെ വേരില്ലാതെ, അൽപകാലം മാത്രം നിലനിൽക്കുന്നു; പിന്നീട് വചനം നിമിത്തം ക്ലേശമോ ഉപദ്രവമോ ഉണ്ടാകുമ്പോൾ, ഉടനെ അവർ ഇടറിപ്പോകുന്നു.

2 Cor. 4:16 അതുകൊണ്ട് ഞങ്ങൾ അധൈര്യപ്പെട്ടുപോകുന്നില്ല; എന്നാൽ ഞങ്ങളുടെ പുറത്തെ മനുഷ്യൻ ക്ഷയിച്ചുപോകുന്നെങ്കിലും ഞങ്ങളുടെ അകത്തെ മനുഷ്യൻ ദിനംപ്രതി പുതുക്കപ്പെടുന്നു.

2. നമ്മുടെ സാഹചര്യത്തെയും, നമ്മുടെ അവസ്ഥയെയും, നമ്മുടെ പരാജയങ്ങളെയും, നമ്മുടെ ബലഹീനതകളെയും മറന്ന്, കർത്താവിനെ ആഗിരണം ചെയ്യുവാൻ നാം സമയമെടുക്കണം; അവനെ ആഗിരണം ചെയ്യുവാൻ നാം സമയമെടുക്കുമ്പോൾ, ക്രിസ്തുവിന്റെ ശരീരത്തിന്റെ കെട്ടുപണിക്കുവേണ്ടി നമ്മിലുള്ള ദൈവത്തിന്റെ വളർച്ചയാൽ നാം വളരുന്നു— ലൂക്കൊ. 8:13; മത്താ. 14:22-23; 6:6; കൊലൊ. 2:7, 19.

Luke. 8:13 പാറമേലുള്ളവരോ, അവർ കേൾക്കുമ്പോൾ, സന്തോഷത്തോടെ വചനം സ്വീകരിക്കുന്നവരാകുന്നു; എങ്കിലും അൽപകാലത്തേക്കു മാത്രം വിശ്വസിക്കുന്ന ഇവർക്കു വേരില്ല, പരീക്ഷണകാലത്ത് അവർ പിൻമാറി പോകുന്നു.

Matt. 14:22 ഉടനെ അവൻ പുരുഷാരത്തെ പറഞ്ഞയയ്ക്കവേ, ശിഷ്യന്മാരോട് പടകിൽ കയറി തനിക്കു മുമ്പേ അക്കരെ പോകുവാൻ നിർബന്ധിച്ചു.

Matt. 14:23 പുരുഷാരത്തെ അയച്ചശേഷം, അവൻ പ്രാർഥിക്കുവാൻ സ്വകാര്യമായി മലയിലേക്കു കയറിപ്പോയി. രാത്രി ആയപ്പോൾ അവൻ അവിടെ തനിയെ ആയിരുന്നു.

Matt. 6:6 എന്നാൽ നീ, പ്രാർഥിക്കുമ്പോൾ, നിന്റെ സ്വകാര്യമുറിയിലേക്കു പ്രവേശിച്ച്, നിന്റെ വാതിൽ അടച്ചു, രഹസ്യത്തിലുള്ള നിന്റെ പിതാവിനോടു പ്രാർഥിക്കുക; രഹസ്യത്തിൽ കാണുന്ന നിന്റെ പിതാവ് നിനക്കു മടക്കിത്തരും.

Col. 2:7a അവനിൽ വേരൂന്നി പണിയപ്പെട്ടുകൊണ്ട്,...

Col. 2:19 തലയെ മുറുകെപ്പിടിക്കാതെ തന്നെ. അവനിൽ നിന്നല്ലോ ശരീരം മുഴുവൻ, സന്ധികളും ഞരമ്പുകളും മുഖാന്തരം സമ്പന്ന സഹായം ലഭിച്ചും കൂട്ടിയിണയ്ക്കപ്പെട്ടുംകൊണ്ട്, ദൈവത്തിന്റെ വളർച്ചയാൽ വളരുന്നത്.

C. കർത്താവുമായുള്ള നമ്മുടെ സമ്പർക്കം ധൃതിയിലായിരിക്കരുത്; അവനെ ആഗിരണം ചെയ്യുന്നതിന് കർത്താവിന്റെ സാന്നിധ്യത്തിൽ തങ്ങുവാൻ നമ്മുടെ ആത്മാവിനെ നാം വ്യായാമം ചെയ്യണം; കർത്താവിനെ ആഗിരണം ചെയ്യുന്നതിന്—അവനെ ഗാഢമായി സ്നേഹിക്കുവാനും, അവനെ സ്തുതിക്കുവാനും, അവന് സ്തോത്രം അർപ്പിക്കുവാനും, അവനോട് സ്വതന്ത്രമായി സംസാരിക്കുവാനും—നാം കൂടുതൽ സമയം ചിലവഴിക്കണം—സങ്കീ. 27:4; പുറ. 33:11, 14; മത്താ. 6:6; 14:22-23; മർക്കൊ. 1:35; പ്ര.നി. എഫെ. 4:20-21.

Psa. 27:4 ഞാൻ യഹോവയോടു ഒരു കാര്യം അപേക്ഷിച്ചു; അതു തന്നേ ഞാൻ

ആഗ്രഹിക്കുന്നു; യഹോവയുടെ മനോഹരത്വം കാണ്മാനും അവന്റെ മന്ദിരത്തിൽ ധ്യാനിപ്പാനും എന്റെ ആയുഷ്കാലമൊക്കെയും ഞാൻ യഹോവയുടെ ആലയത്തിൽ പാർക്കേണ്ടതിന്നു തന്നേ.

Exo. 33:11 ഒരുത്തൻ തന്റെ സ്നേഹിതനോടു സംസാരിക്കുന്നതുപോലെ യഹോവ മോശെയോടു അഭിമുഖമായി സംസാരിച്ചു. പിന്നെ അവൻ പാളയത്തിലേക്കു മടങ്ങിവന്നു; അവന്റെ ശുശ്രൂഷക്കാരനായ നൂന്റെ പുത്രനായ യോശുവ എന്ന ബാല്യക്കാരനോ കൂടാരത്തെ വിട്ടുപിരിയാതിരുന്നു.

Exo. 33:14 അതിന്നു അവൻ: എന്റെ സാന്നിദ്ധ്യം നിന്നോടുകൂടെ പോരും; ഞാൻ നിനക്കു സ്വസ്ഥത നല്കും എന്നു അരുളിച്ചെയ്തു.

Matt. 6:6 എന്നാൽ നീ, പ്രാർഥിക്കുമ്പോൾ, നിന്റെ സ്വകാര്യമുറിയിലേക്കു പ്രവേശിച്ച്, നിന്റെ വാതിൽ അടച്ചു, രഹസ്യത്തിലുള്ള നിന്റെ പിതാവിനോടു പ്രാർഥിക്കുക; രഹസ്യത്തിൽ കാണുന്ന നിന്റെ പിതാവ് നിനക്കു മടക്കിത്തരും.

Matt. 14:22 ഉടനെ അവൻ പുരുഷാരത്തെ പറഞ്ഞയയ്ക്കവേ, ശിഷ്യന്മാരോട് പടകിൽ കയറി തനിക്കു മുമ്പേ അക്കരെ പോകുവാൻ നിർബന്ധിച്ചു.

Matt. 14:23 പുരുഷാരത്തെ അയച്ചശേഷം, അവൻ പ്രാർഥിക്കുവാൻ സ്വകാര്യമായി മലയിലേക്കു കയറിപ്പോയി. രാത്രി ആയപ്പോൾ അവൻ അവിടെ തനിയെ ആയിരുന്നു.

Mark. 1:35 പിന്നെ അതിരാവിലെ, രാത്രി ആയിരുന്നപ്പോൾ തന്നെ, അവൻ എഴുന്നേറ്റ് പുറത്തേക്ക്, ഒരു വിജനസ്ഥലത്തേക്കു പോയി, അവിടെ പ്രാർഥിച്ചു.

Eph. 4:20 യേശുവിൽ യാഥാർഥ്യം ഉള്ളതുപോലെ നിങ്ങൾ അവനെ കേൾക്കുകയും അവനിൽ ഉപദേശിക്കപ്പെടുകയും ചെയ്തിട്ടുണ്ടെങ്കിൽ,

Eph. 4:21 നിങ്ങൾ ക്രിസ്തുവിനെ ഇങ്ങനെയല്ല പഠിച്ചത്,

D. ശരീരത്തിന്റെ വളർച്ച, വളരെ വ്യക്തിനിഷ്ഠമായ രീതിയിൽ, നമ്മുടെ ഉള്ളിലുള്ള ദൈവത്തിന്റെ വളർച്ചയെ, ദൈവത്തിന്റെ വർധനവിനെ ആശ്രയിച്ചിരിക്കുന്നു; ശരീരത്തിന്റെ വളർച്ച ദൈവത്തിന്റെ കെട്ടിടത്തിന്റെ വളർച്ചയാണ്; സഭയുടെ വാസ്തവമായ കെട്ടുപണി വിശ്വാസികളുടെ ജീവനിലുള്ള വളർച്ചയാലാണ്—കൊലൊ. 2:19; എഫെ. 2:20-22; 4:16.

Col. 2:19 തലയെ മുറുകെപ്പിടിക്കാതെ തന്നെ. അവനിൽ നിന്നല്ലോ ശരീരം മുഴുവൻ, സന്ധികളും ഞരമ്പുകളും മുഖാന്തരം സമ്പന്ന സഹായം ലഭിച്ചും കൂട്ടിയിണയ്ക്കപ്പെട്ടുംകൊണ്ട്, ദൈവത്തിന്റെ വളർച്ചയാൽ വളരുന്നത്.

Eph. 2:20 ക്രിസ്തു യേശു തന്നെ മൂലക്കല്ലായിരിക്കെ, അപ്പൊസ്തലന്മാരും പ്രവാചകന്മാരും എന്ന അടിസ്ഥാനത്തിന്മേൽ പണിയപ്പെടുന്നു;

Eph. 2:21 അവനിൽ കെട്ടിടം മുഴുവൻ, യുക്തമായി ചേർന്ന്, കർത്താവിൽ വിശുദ്ധ ആലയമായി വളരുന്നു;

Eph. 2:22 അവനിൽ, നിങ്ങളും ആത്മാവിൽ ദൈവത്തിന്റെ വാസസ്ഥലമായി ഒന്നിച്ചു പണിയപ്പെടുന്നു.

Eph. 4:16 അവനിൽനിന്ന് ശരീരം മുഴുവനും, സമ്പന്ന സഹായത്തിന്റെ സകല സന്ധിയിലൂടെയും ഓരോ അംഗത്തിന്റെ അളവിലുള്ള, വ്യാപാരത്തിലൂടെയും കൂട്ടിച്ചേർക്കപ്പെട്ടും കൂട്ടിയിണയ്ക്കപ്പെട്ടുംകൊണ്ട്, സ്നേഹത്തിൽ അതിന്റെതന്നെ കെട്ടുപണിക്കായി ശരീരത്തിന്റെ

വളർച്ചയ്ക്ക് ഇടയാക്കുന്നു.

**III. നമുക്ക് ഒന്നിനും കുറവില്ലാത്ത മണ്ണായ ക്രിസ്തുവിന്റെ ഒരു പൂർണ വിവരണവും നിർവചനവും കൊലൊസ്സ്യർ 2:8-15 അവതരിപ്പിക്കുന്നു; സർവവും-ഉൾക്കൊള്ളുന്ന ദേശമായി അവനെ ആഗിരണം ചെയ്യുവാൻ നാം സമയമെടുക്കുമ്പോൾ, ഈ വാക്യങ്ങളിലുള്ള വസ്തുതകൾ നമ്മുടെ അനുഭവമായിത്തീരുന്നു; വസ്തുതകൾ ക്രിസ്തുവിലും, അനുഭവം ക്രിസ്തുവിനാലും ക്രിസ്തുവിനോടു കൂടെയുമാണ്:**

Col. 2:8 ആരും തന്റെ തത്ത്വജ്ഞാനവും വെറും വഞ്ചനയും മുഖാന്തരം നിങ്ങളെ കൊള്ളയായി എടുത്തുകൊണ്ടുപോകാതിരിക്കുവാൻ സൂക്ഷിക്കുവിൻ, അത് മനുഷ്യരുടെ പാരമ്പര്യത്തിനൊത്തവണ്ണം, ലോകത്തിന്റെ ആദ്യപാഠങ്ങൾക്കൊത്തവണ്ണം അല്ലാതെ ക്രിസ്തുവിനൊത്തവണ്ണമല്ല;

Col. 2:9 അവനിലല്ലോ ദൈവത്വത്തിന്റെ സകല നിറവും ദേഹരൂപമായി വസിക്കുന്നത്,

Col. 2:10 സകല വാഴ്ച്ചയ്ക്കും അധികാരത്തിനും തലയായ അവനിൽ നിങ്ങളും പൂർണരായിരിക്കുന്നു.

Col. 2:11 അവനിൽ നിങ്ങളെയും, ക്രിസ്തുവിന്റെ പരിച്ഛേദനയിൽ, ജഡശരീരം ഉരിഞ്ഞുകളഞ്ഞതിൽ, കൈകളാൽ അല്ലാത്ത പരിച്ഛേദനയാൽ പരിച്ഛേദന ചെയ്തു,

Col. 2:12 സ്നാനത്തിൽ നിങ്ങൾ അവനോടുകൂടെ അടക്കപ്പെടുകയും, അതിൽ അവനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ച ദൈവത്തിന്റെ വ്യാപാരത്തിന്റെ വിശ്വാസം മുഖാന്തരം അവനോടുകൂടെ ഉയിർപ്പിക്കപ്പെടുകയും ചെയ്തു.

Col. 2:13 നിങ്ങളോ, നിങ്ങളുടെ അതിക്രമങ്ങളിലും നിങ്ങളുടെ ജഡത്തിന്റെ അഗ്രചർമത്തിലും മരിച്ചവരെങ്കിലും, നമ്മുടെ എല്ലാ അതിക്രമങ്ങളും നമ്മോട് ക്ഷമിച്ചശേഷം, അവനോടുകൂടെ അവൻ ജീവിപ്പിച്ചു;

Col. 2:14 നമുക്ക് എതിരായിരുന്ന, നമുക്ക് വിരുദ്ധമായിരുന്ന, ചട്ടങ്ങളിലെ കൈയെഴുത്ത് മായ്ച്ചുകളയുകയും, അതിനെ ക്രൂശിൽ തറച്ചിട്ട്, അവൻ വഴിയിൽനിന്ന് നീക്കിക്കളയുകയും ചെയ്തു.

Col. 2:15 വാഴ്ച്ചകളെയും അധികാരങ്ങളെയും ഉരിഞ്ഞുകളഞ്ഞ്, ക്രൂശിൽ അവരുടെമേൽ ജയോത്സവം കൊണ്ടാടി, അവൻ അവരെ പരസ്യമായ കാഴ്ച്ചയാക്കി.

A. മണ്ണെന്ന നിലയിലുള്ള ക്രിസ്തുവിലാണ് ദൈവത്വത്തിന്റെ സകല നിറവും ദേഹരൂപമായി വസിക്കുന്നത്—വാ. 9.

Col. 2:9 അവനിലല്ലോ ദൈവത്വത്തിന്റെ സകല നിറവും ദേഹരൂപമായി വസിക്കുന്നത്,

1. *നിറവ്* എന്നത് ദൈവത്തിന്റെ സമ്പന്നതയെ അല്ല, ദൈവത്തിന്റെ സമ്പന്നതയുടെ ആവിഷ്കാരത്തെയാണ് സൂചിപ്പിക്കുന്നത്; ക്രിസ്തുവിൽ വസിക്കുന്നത് ദൈവത്വത്തിന്റെ സമ്പന്നത മാത്രമല്ല, ദൈവം താൻ ആയിരിക്കുന്നതിന്റെ സമ്പന്നതയുടെ ആവിഷ്കാരവുമാണ്—വാ. 9; 1:15, 18; 3:10-11.

Col. 2:9 അവനിലല്ലോ ദൈവത്വത്തിന്റെ സകല നിറവും ദേഹരൂപമായി വസിക്കുന്നത്,

Col. 1:15 അവൻ അദൃശ്യനായ ദൈവത്തിന്റെ സ്വരൂപവും, സകല സൃഷ്ടിയിലും ആദ്യജാതനും ആകുന്നു,

Col. 1:18 അവൻ സഭ എന്ന ശരീരത്തിന്റെ തലയാകുന്നു; അവൻതന്നെ എല്ലാറ്റിലും ഒന്നാമത് ആകേണ്ടതിന്, അവൻ ആരംഭവും

മരിച്ചവരിൽനിന്ന് ആദ്യജാതനും ആകുന്നു;

Col. 3:10 തന്നെ സൃഷ്ടിച്ചവന്റെ സ്വരൂപപ്രകാരം പൂർണ പരിജ്ഞാനത്തിങ്കലേക്ക് പുതുക്കപ്പെടുന്ന, പുതുമനുഷ്യനെ ധരിച്ചിരിക്കുന്നുവല്ലോ,

Col. 3:11 അവിടെ യവനനും യെഹൂദനും, പരിച്ഛേദനയും അഗ്രചർമവും, ബർബ്ബരൻ, ശകൻ, അടിമ, സ്വതന്ത്രൻ എന്നിവർ ഉണ്ടായിരിക്കുവാൻ കഴിയില്ല, ക്രിസ്തുവത്രേ എല്ലാവരും ആകുന്നു, എല്ലാവരിലും ആകുന്നു.

2. മണ്ണായ ക്രിസ്തുവിൽ നാം വേരൂന്നിയിരിക്കുമ്പോൾ, നാം അവനിൽ പൂർണരാകുന്നു; അവന്റെ ആവിഷ്കാരമായിത്തീരുവാൻ എല്ലാ ദിവ്യ സമ്പത്താലും നാം നിറയുന്നു—എഫെ. 3:8, 19.

Eph. 3:8 സകല വിശുദ്ധന്മാരിലും ഏറ്റവും ചെറിയവനിലും ചെറിയവനായ എനിക്ക്, ജാതികളോട് ക്രിസ്തുവിന്റെ അപ്രമേയ ധനത്തെ സുവിശേഷമായി അറിയിക്കുവാനും,

Eph. 3:19 പരിജ്ഞാനത്തെ കവിയുന്ന ക്രിസ്തുവിന്റെ സ്നേഹത്തെ അറിയുവാനും, അത് നിങ്ങൾ ദൈവത്തിന്റെ എല്ലാ, നിറവിനോളം നിറയേണ്ടതിനും ആകുന്നു.

3. മണ്ണായ ക്രിസ്തുവിൽ നാം നിറയ്ക്കപ്പെടുയും, പൂർത്തീകരിക്കപ്പെടുകയും, തികഞ്ഞവരാക്കപ്പെടുകയും, സംതൃപ്തരാക്കപ്പെടുയും, സമ്പൂർണസഹായം പ്രാപിക്കുകയും ചെയ്യുന്നു; നമുക്ക് ഒന്നിനും കുറവില്ല—പ്ര.നി. ഫിലി. 1:19.

Phil. 1:19 നിങ്ങളുടെ അപേക്ഷയാലും യേശു ക്രിസ്തുവിന്റെ ആത്മാവിന്റെ ധാരാളമായ സഹായത്താലും ഇത് എനിക്ക് രക്ഷയ്ക്കായി ഭവിക്കും എന്നു ഞാൻ അറിയുന്നു,

B. മണ്ണായ ക്രിസ്തു സകല വാഴ്ച്ചയുടെയും അധികാരത്തിന്റെയും തലയാണ്—കൊലൊ. 2:10.

Col. 2:10 സകല വാഴ്ച്ചയ്ക്കും അധികാരത്തിനും തലയായ അവനിൽ നിങ്ങളും പൂർണരായിരിക്കുന്നു.

C. മണ്ണായ ക്രിസ്തുവിൽ കൊല്ലലിൻ ശക്തിയുണ്ട്, അത് ജഡത്തെ മരപ്പിക്കുന്നു—വാ. 11.

Col. 2:11 അവനിൽ നിങ്ങളെയും, ക്രിസ്തുവിന്റെ പരിച്ഛേദനയിൽ, ജഡശരീരം ഉരിഞ്ഞുകളഞ്ഞതിൽ, കൈകളാൽ അല്ലാത്ത പരിച്ഛേദനയാൽ പരിച്ഛേദന ചെയ്തു,

D. മണ്ണായ ക്രിസ്തുവിൽ നാം അടക്കപ്പെടുവാൻ ഇടയാക്കുന്ന മൂലകമുണ്ട്—വാ. 12.

Col. 2:12a സ്നാനത്തിൽ നിങ്ങൾ അവനോടുകൂടെ അടക്കപ്പെടുകയും. ...

E. മണ്ണായ ക്രിസ്തുവിൽ നാം ഉയിർപ്പിക്കപ്പെടുവാൻ ഇടയാക്കുന്ന മൂലകമുണ്ട്—വാ. 12.

Col. 2:12b ..., അതിൽ അവനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ച ദൈവത്തിന്റെ വ്യാപാരത്തിന്റെ വിശ്വാസം മുഖാന്തരം അവനോടുകൂടെ ഉയിർപ്പിക്കപ്പെടുകയും ചെയ്തു..

F. മണ്ണായ ക്രിസ്തുവിൽ നമ്മെ ജീവിപ്പിക്കുന്ന മൂലകമുണ്ട്—വാ. 13.

Col. 2:13 നിങ്ങളോ, നിങ്ങളുടെ അതിക്രമങ്ങളിലും നിങ്ങളുടെ ജഡത്തിന്റെ അഗ്രചർമത്തിലും മരിച്ചവരെങ്കിലും, നമ്മുടെ എല്ലാ അതിക്രമങ്ങളും നമ്മോട് ക്ഷമിച്ചശേഷം, അവനോടുകൂടെ അവൻ ജീവിപ്പിച്ചു;

G. മണ്ണായ ക്രിസ്തുവിൽ ചട്ടങ്ങളിലുള്ള കയ്യെഴുത്തുകളുടെ മായ്ച്ചുകളയലുണ്ട്—വാ. 14.

Col. 2:14 നമുക്ക് എതിരായിരുന്ന, നമുക്ക് വിരുദ്ധമായിരുന്ന, ചട്ടങ്ങളിലെ കൈയെഴുത്ത് മായ്ച്ചുകളയുകയും, അതിനെ ക്രൂശിൽ തറച്ചിട്ട്, അവൻ വഴിയിൽനിന്ന് നീക്കിക്കളയുകയും ചെയ്തു.

H. മണ്ണായ ക്രിസ്തുവിൽ അന്തരീക്ഷത്തിലെ ദുഷ്ടാത്മാക്കളുടെമേലുള്ള വിജയമുണ്ട്—വാ. 15.

Col. 2:15 വാഴ്ച്ചകളെയും അധികാരങ്ങളെയും ഉരിഞ്ഞുകളഞ്ഞ്, ക്രൂശിൽ അവരുടെമേൽ ജയോത്സവം കൊണ്ടാടി, അവൻ അവരെ പരസ്യമായ കാഴ്ച്ചയാക്കി.

**IV. ഇതുകൂടാതെ, മണ്ണായ ക്രിസ്തു അവന്റെ വ്യക്തിയുടെയും പ്രക്രിയകളുടെയും എല്ലാ സമ്പന്നത്തോടുംകൂടെ ദൈവത്തിന്റെ ചരിത്രവും മർമവുമാണ്—വാ. 2:**

Col. 2:2 അവരുടെ ഹൃദയങ്ങൾക്ക് ആശ്വാസം ഉണ്ടാകേണ്ടതിനും, അവർ സ്നേഹത്തിൽ കൂട്ടിയിണയ്ക്കപ്പെട്ടും, ഗ്രാഹ്യത്തിന്റെ പൂർണ നിശ്ചയത്തിന്റെ സകല സമ്പത്തോളം, ക്രിസ്തു എന്ന ദൈവമർമത്തിന്റെ പൂർണ പരിജ്ഞാനത്തോളം എത്തുവാനുമായി, എത്ര വലിയ പോരാട്ടം എനിക്കുണ്ടെന്ന് നിങ്ങൾ അറിയുവാൻ ഞാൻ ഇച്ഛിക്കുന്നു.

A. ക്രിസ്തു ദൈവം ആകുന്നു—യോഹ. 1:1; 20:28-29; യെശ 9:6; യോഹ. 14:9-10; 2 കൊരി. 3:17; 1 കൊരി. 15:45; പ്രവൃ. 2:36.

John. 1:1 ആദിയിൽ വചനം ഉണ്ടായിരുന്നു, വചനം ദൈവത്തോടുകൂടെ ആയിരുന്നു, വചനം ദൈവം ആയിരുന്നു.

John. 20:28 തോമാസ് അവനോട്, എന്റെ കർത്താവും എന്റെ ദൈവവുമേ! എന്ന് ഉത്തരം പറഞ്ഞു.

John. 20:29 യേശു അവനോട്, നീ എന്നെ കണ്ടതുകൊണ്ട് വിശ്വസിച്ചിരിക്കുന്നു. കാണാതെ വിശ്വസിച്ചവർ അനുഗൃഹീതർ എന്നു പറഞ്ഞു.

Isa. 9:6 നമുക്കു ഒരു ശിശു ജനിച്ചിരിക്കുന്നു; നമുക്കു ഒരു മകൻ നല്കപ്പെട്ടിരിക്കുന്നു; ആധിപത്യം അവന്റെ തോളിൽ ഇരിക്കും; അവന്നു അത്ഭുതമന്ത്രി, വീരനാംദൈവം, നിത്യപിതാവു, സമാധാനപ്രഭു എന്നു പേർ വിളിക്കപ്പെടും.

John. 14:9 യേശു അവനോട്, ഇത്രയും ദീർഘകാലം ഞാൻ നിങ്ങളുടെകൂടെ ഉണ്ടായിരുന്നിട്ടും, നീ എന്നെ അറിഞ്ഞില്ലയോ, ഫിലിപ്പൊസേ? എന്നെ കണ്ടിരിക്കുന്നവൻ പിതാവിനെ കണ്ടിരിക്കുന്നു; പിതാവിനെ ഞങ്ങൾക്കു കാണിച്ചു തരേണം, എന്നു നീ പറയുന്നത് എങ്ങനെ?

John. 14:10 ഞാൻ പിതാവിലും പിതാവ് എന്നിലും ആകുന്നു എന്നു നീ വിശ്വസിക്കുന്നില്ലയോ? ഞാൻ നിങ്ങളോട് പറയുന്ന വചനങ്ങൾ എന്നിൽനിന്നല്ല ഞാൻ സംസാരിക്കുന്നത്, എന്നിൽ വസിക്കുന്ന പിതാവ് അവന്റെ പ്രവൃത്തികൾ ചെയ്യുന്നതത്രേ.

2 Cor. 3:17 കൂടാതെ കർത്താവ് ആത്മാവാകുന്നു; കർത്താവിന്റെ ആത്മാവ് എവിടെയോ, അവിടെ സ്വാതന്ത്ര്യമുണ്ട്.

1 Cor. 15:45b ... ഒടുക്കത്തെ ആദാം ജീവൻനൽകുന്ന ആത്മാവ് ആയിത്തീർന്നു.

Acts. 2:36 അതുകൊണ്ട് നിങ്ങൾ ക്രൂശിച്ച ഈ യേശുവിനെ, ദൈവം കർത്താവും ക്രിസ്തുവും ആക്കിയിരിക്കുന്നു എന്ന് യിസ്രായേൽ ഗൃഹമൊക്കെയും നിശ്ചയമായും അറിഞ്ഞുകൊള്ളട്ടെ..

B. ക്രിസ്തു മനുഷ്യൻ ആകുന്നു—1 തിമൊ. 2:5:

1 Tim. 2:5 ദൈവം ഒരുവൻ, ദൈവത്തിനും മനുഷ്യർക്കും മധ്യസ്ഥനും ഒരുവൻ, മനുഷ്യനായ ക്രിസ്തു യേശു,

1. അവൻ അപ്പൊസ്തലനാണ്—എബ്രാ. 3:1.

Heb. 3:1 അതുകൊണ്ട്, വിശുദ്ധ സഹോദരന്മാരേ, സ്വർഗീയ വിളിയുടെ പങ്കാളികളേ, നാം ഏറ്റുപറയുന്ന അപ്പൊസ്തലനും മഹാപുരോഹിതനുമായ യേശുവിനെ ശ്രദ്ധിക്കുവിൻ,

2. അവൻ പ്രവാചകനാണ്—പ്രവൃ. 3:22-23.

Acts. 3:22 മോശെ പറഞ്ഞു, “നിങ്ങളുടെ സഹോദരന്മാരിൽ നിന്ന് എന്നെപ്പോലെ ഒരു പ്രവാചകനെ നിങ്ങളുടെ ദൈവമായ കർത്താവ് നിങ്ങൾക്ക് എഴുന്നേൽപ്പിക്കും; അവൻ നിങ്ങളോടു സംസാരിക്കുന്ന ഏതു കാര്യത്തിലും നിങ്ങൾ അവനെ കേൾക്കേണം.

Acts. 3:23 ജനത്തിന്റെ ഇടയിൽനിന്ന് ആ പ്രവാചകനെ കേൾക്കാത്ത സകല ദേഹിയെയും അശേഷം നശിപ്പിക്കും.”

3. അവൻ അത്ഭുതമന്ത്രിയാണ്—യെശ. 9:6.

Isa. 9:6 നമുക്കു ഒരു ശിശു ജനിച്ചിരിക്കുന്നു; നമുക്കു ഒരു മകൻ നല്കപ്പെട്ടിരിക്കുന്നു; ആധിപത്യം അവന്റെ തോളിൽ ഇരിക്കും; അവന്നു അത്ഭുതമന്ത്രി, വീരനാംദൈവം, നിത്യപിതാവു, സമാധാനപ്രഭു എന്നു പേർ വിളിക്കപ്പെടും.

4. അവൻ ഗുരുവാണ്—മത്താ. 23:8, 10.

Matt. 23:8 എന്നാൽ നിങ്ങൾ, റബ്ബീ എന്നു വിളിക്കപ്പെടരുത്, എന്തെന്നാൽ ഒരുവനാകുന്നു നിങ്ങളുടെ ഗുരു, നിങ്ങളെല്ലാവരും സഹോദരന്മാർ ആകുന്നു.

Matt. 23:10 നിങ്ങൾ അധ്യാപകരെന്നും വിളിക്കപ്പെടരുത്, എന്തെന്നാൽ ഒരുവനാകുന്നു നിങ്ങളുടെ അധ്യാപകൻ, ക്രിസ്തു.

5. അവൻ നായകനാണ്—എബ്രാ. 2:10.

Heb. 2:10 എന്തെന്നാൽ സകലവും തനിക്കുവേണ്ടിയും സകലവും തന്നിലൂടെയും ഉളവാക്കിയവന്, അനേകം പുത്രന്മാരെ തേജസ്സിലേക്ക് നയിക്കുന്നതിൽ, അവരുടെ രക്ഷയുടെ കാരണഭൂതനെ കഷ്ടാനുഭവങ്ങളിലൂടെ തികഞ്ഞവനാക്കുന്നത് ഉചിതമായിരുന്നു..

6. അവൻ യജമാനനാണ്—ലൂക്കൊ. 5:5.

Luke. 5:5 ശിമോൻ അവനോട്, യജമാനനേ ഞങ്ങൾ മുഴുവൻ രാത്രിയും പ്രയതിച്ചിട്ട് ഒന്നും പിടിച്ചില്ല; എന്നാൽ നിന്റെ വാക്കിന്മേൽ ഞാൻ വലയിറക്കാം എന്ന് ഉത്തരം പറഞ്ഞു.

7. അവൻ അടിമയാണ്—യെശ. 42:1.

Isa. 42:1 ഇതാ, ഞാൻ താങ്ങുന്ന എന്റെ ദാസൻ; എന്റെ ഉള്ളം പ്രസാദിക്കുന്ന എന്റെ വൃതൻ; ഞാൻ എന്റെ ആത്മാവിനെ അവന്റെമേൽ വെച്ചിരിക്കുന്നു; അവൻ ജാതികളോടു ന്യായം പ്രസ്താവിക്കും.

8. അവൻ ഇടയനാണ്—യോഹ. 10:11.

John. 10:11 ഞാൻ നല്ല ഇടയൻ ആകുന്നു; നല്ല ഇടയൻ ആടുകൾക്കുവേണ്ടി തന്റെ ജീവനെ വച്ചുകൊടുക്കുന്നു.

9. അവൻ സാക്ഷിയാണ്—വെളി. 1:5.

Rev. 1:5 വിശ്വസ്ത സാക്ഷിയും, മരിച്ചവരിൽ നിന്ന് ആദ്യജാതനും ഭൂരാജാക്കന്മാരുടെ അധിപതിയുമായ യേശു ക്രിസ്തുവിൽ നിന്നും, നിങ്ങൾക്ക് കൃപയും സമാധാനവും ഉണ്ടായിരിക്കട്ടെ. നമ്മെ

സ്നേഹിക്കുകയും തന്റെ രക്തത്താൽ നമ്മുടെ പാപങ്ങളിൽനിന്നു നമ്മെ വിടുവിക്കുകയും,

10. അവൻ പുരോഹിതനാണ്—എബ്രാ. 7:25-26.

Heb. 7:25 അതിനാൽ അവനിലൂടെ ദൈവത്തിന്റെ അടുക്കൽ മുമ്പോട്ടു കടന്നു വരുന്നവർക്കു വേണ്ടി പക്ഷവാദം ചെയ്യുവാൻ അവൻ എപ്പോഴും ജീവിക്കുന്നതിനാൽ, അവരെ അങ്ങേയറ്റം രക്ഷിക്കുവാൻ പ്രാപ്തനാകുന്നു.

Heb. 7:26 ഇങ്ങനെയുള്ള ഒരു മഹാപുരോഹിതൻ നമുക്ക് അനുയോജ്യനായിരുന്നു, വിശുദ്ധൻ, നിഷ്കളങ്കൻ, മലിനപ്പെടാത്തവൻ, പാപികളിൽനിന്നു വേർപെട്ടവൻ, സ്വർഗങ്ങളെക്കാൾ ഉന്നതനായിത്തീർന്നവൻ,

11. അവൻ മധ്യസ്ഥനാണ്—8:6.

Heb. 8:6 എന്നാൽ മേന്മയേറിയ വാഗ്ദത്തങ്ങളുടെമേൽ നടപ്പാക്കിയിരിക്കുന്ന, മേന്മയേറിയ ഉടമ്പടിയുടെ മധ്യസ്ഥനാകുന്നതിൽ, ഇപ്പോൾ ശ്രേഷ്ഠതയേറിയ ശുശ്രൂഷയും അവൻ നേടിയിരിക്കുന്നു.

12. അവൻ ഈടാണ്—7:22.

Heb. 7:22 അത്രയും അധികം യേശു മേന്മയേറിയ ഉടമ്പടിയുടെ ഈടായിത്തീർന്നിരിക്കുന്നു.

13. അവൻ രാജാവാണ്—മത്താ. 2:2.

Matt. 2:2 യെഹൂദന്മാരുടെ രാജാവായി പിറന്നവൻ എവിടെ? ഞങ്ങൾ അവന്റെ നക്ഷത്രം അതിന്റെ ഉദയത്തിൽ കണ്ട് അവനെ ആരാധിക്കുവാൻ വന്നിരിക്കുന്നു എന്നു പറഞ്ഞു.

14. അവൻ മണവാളനാണ്—യോഹ. 3:29; 2 കൊരി. 11:2.

John. 3:29 മണവാട്ടി ഉള്ളവൻ മണവാളൻ ആകുന്നു; എന്നാൽ നിന്നു മണവാളനെ കേൾക്കുന്നവനായ അവന്റെ സ്നേഹിതൻ, മണവാളന്റെ ശബ്ദം നിമിത്തം സന്തോഷത്താൽ ആനന്ദിക്കുന്നു. അതുകൊണ്ട് എന്റെ ഈ സന്തോഷം പൂർണമായിരിക്കുന്നു.

2 Cor. 11:2 എന്തെന്നാൽ ഞാൻ നിങ്ങളെക്കുറിച്ച് ദൈവത്തിന്റെ തീക്ഷ്ണതയോടെ തീക്ഷ്ണതയുള്ളവനാകുന്നു; ഞാൻ ക്രിസ്തു എന്ന ഏക ഭർത്താവിന് നിങ്ങളെ നിർമലകന്യകയായി മുൻനിർത്തുവാൻ വിവാഹനിശ്ചയം ചെയ്തു.

C. ക്രിസ്തു നമ്മുടെ ആവശ്യകതകളാണ്—യോഹ. 14:6:

John. 14:6 യേശു അവനോട്, വഴിയും യാഥാർഥ്യവും ജീവനും ഞാൻ ആകുന്നു; എന്നിലൂടെ അല്ലാതെ ആരും പിതാവിന്റെ അടുക്കൽ വരുന്നില്ല.

1. അവൻ നമ്മുടെ വെളിച്ചമാണ്—8:12.

John. 8:12 അതുകൊണ്ട് യേശു പിന്നെയും അവരോട് ഞാൻ ലോകത്തിന്റെ വെളിച്ചം ആകുന്നു; എന്നെ അനുഗമിക്കുന്നവൻ ഒരുവിധത്തിലും ഇരുളിൽ നടക്കാതെ ജീവന്റെ വെളിച്ചമുള്ളവനാകും എന്നു പറഞ്ഞു.

2. അവൻ നമ്മുടെ വായുവാണ്—20:22.

John. 20:22 ഇതു പറഞ്ഞശേഷം അവൻ അവരിലേക്ക് ഊതി, അവരോട്, പരിശുദ്ധാത്മാവിനെ കൈക്കൊള്ളുവിൻ.

3. അവൻ നമ്മുടെ വെള്ളമാണ്—4:14.

John. 4:14 എന്നാൽ ഞാൻ അവനു നൽകുവാൻ പോകുന്ന വെള്ളത്തിൽനിന്ന് കുടിക്കുന്ന ഏവനും ഒരുവിധത്തിലും ഒരുനാളും ദാഹിക്കയില്ല; എന്നാൽ ഞാൻ അവനു നൽകുവാൻ പോകുന്ന വെള്ളം അവനിൽ

നിത്യജീവനിലേക്ക് പ്രവഹിച്ചുയരുന്ന നീരുറവയായിത്തീരും എന്ന് ഉത്തരം പറഞ്ഞു.

4. അവൻ നമ്മുടെ ആഹാരമാണ്—6:35.

John. 6:35 യേശു അവരോട് പറഞ്ഞു, ഞാൻ ജീവന്റെ അപ്പം ആകുന്നു; എന്റെ അടുക്കൽ വരുന്നവന് ഒരുവിധത്തിലും വിശക്കുകയില്ല, എന്നിലേക്കു വിശ്വസിക്കുന്നവന് ഒരുവിധത്തിലും ഒരുനാളും ദാഹിക്കുകയുമില്ല.

5. അവൻ നമ്മുടെ വസ്ത്രമാണ്—ഗലാ. 3:27.

Gal. 3:27 ക്രിസ്തുവിലേക്ക് സ്നാനപ്പെട്ടവരായ നിങ്ങളൊക്കെയും ക്രിസ്തുവിനെ ധരിച്ചിരിക്കുന്നുവല്ലോ.

6. അവൻ നമ്മുടെ പാർപ്പിടമാണ്—യോഹ. 15:5.

John. 15:5 ഞാൻ മുന്തിരിവള്ളിയും നിങ്ങൾ ശാഖകളും ആകുന്നു. ഒരുത്തൻ എന്നിലും ഞാൻ അവനിലും വസിക്കുന്നുവെങ്കിൽ, അവൻ വളരെ ഫലം കായ്ക്കുന്നു; എന്നെ പിരിഞ്ഞ് നിങ്ങൾക്ക് ഒന്നും ചെയ്യുവാൻ കഴിയില്ല.

7. അവൻ നമ്മുടെ ആസ്വാദനവും വിശ്രമവുമാണ്—കൊലൊ. 2:16-17; മത്താ. 11:28.

Col. 2:16 അതുകൊണ്ട് ഭക്ഷിക്കുകയും കുടിക്കുകയും ചെയ്യുന്നതിലോ, വിരുന്ന്, കറുത്തവാവ്, ശബ്ബത്ത് എന്നിവയെ സംബന്ധിച്ചോ ആരും നിങ്ങളെ വിധിക്കാതിരിക്കട്ടെ,

Col. 2:17 അവ വരുവാനുള്ളവയുടെ നിഴലാകുന്നു, എന്നാൽ ദേഹമോ ക്രിസ്തുവിന്റേതാകുന്നു.

Matt. 11:28 അധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരുമായ എല്ലാവരും എന്റെ അടുക്കൽ വരുവിൻ, ഞാൻ നിങ്ങൾക്കു വിശ്രമം നൽകും.

D. ക്രിസ്തു നമ്മുടെ ദിവ്യ സഹായമാണ്—1 കൊരി. 1:30:

1 Cor. 1:30 എന്നാൽ അവനാൽ നിങ്ങൾ ക്രിസ്തു യേശുവിൽ ആകുന്നു, അവൻ ദൈവത്തിൽനിന്ന് നമുക്ക് ജ്ഞാനമായിത്തീർന്നു: നീതിയും വിശുദ്ധീകരണവും വീണ്ടെടുപ്പും തന്നെ,

1. അവൻ നമ്മുടെ ശക്തിയാണ്—വാ. 24.

1 Cor. 1:24b ..., ക്രിസ്തു ദൈവത്തിന്റെ ശക്തിയും ദൈവത്തിന്റെ ജ്ഞാനവും ആകുന്നു.

2. അവൻ നമ്മുടെ ജ്ഞാനമാണ്—വാ. 24, 30.

1 Cor 1:24b ...ക്രിസ്തു ദൈവത്തിന്റെ ശക്തിയും ദൈവത്തിന്റെ ജ്ഞാനവും ആകുന്നു.

1 Cor. 1:30b ..., അവൻ ദൈവത്തിൽനിന്ന് നമുക്ക് ജ്ഞാനമായിത്തീർന്നു: നീതിയും വിശുദ്ധീകരണവും വീണ്ടെടുപ്പും തന്നെ,

3. അവൻ നമ്മുടെ നീതിയാണ്—വാ. 30.

1 Cor 1:30b ..., അവൻ ദൈവത്തിൽനിന്ന് നമുക്ക് ജ്ഞാനമായിത്തീർന്നു: നീതിയും വിശുദ്ധീകരണവും വീണ്ടെടുപ്പും തന്നെ,

4. അവൻ നമ്മുടെ വിശുദ്ധീകരണമാണ്—വാ. 30.

1 Cor 1:30b ..., അവൻ ദൈവത്തിൽനിന്ന് നമുക്ക് ജ്ഞാനമായിത്തീർന്നു: നീതിയും വിശുദ്ധീകരണവും വീണ്ടെടുപ്പും തന്നെ,

5. അവൻ നമ്മുടെ വീണ്ടെടുപ്പാണ്—വാ 30.

1 Cor 1:30b ..., അവൻ ദൈവത്തിൽനിന്ന് നമുക്ക് ജ്ഞാനമായിത്തീർന്നു: നീതിയും വിശുദ്ധീകരണവും വീണ്ടെടുപ്പും തന്നെ,

E. ക്രിസ്തു സഭയ്ക്കുവേണ്ടിയാണ്:

1. അവൻ ശരീരത്തിന്റെ തലയാണ്—കൊലൊ. 1:18.

Col. 1:18 അവൻ സഭ എന്ന ശരീരത്തിന്റെ തലയാകുന്നു; അവൻതന്നെ എല്ലാറ്റിലും ഒന്നാമത് ആകേണ്ടതിന്, അവൻ ആരംഭവും മരിച്ചവരിൽനിന്ന് ആദ്യജാതനും ആകുന്നു;

2. അവൻ തലയുടെ ശരീരമാണ്—1 കൊരി. 12:12.

1 Cor. 12:12 എന്തെന്നാൽ ശരീരം ഒന്നും, അതിന് പല അവയവങ്ങൾ ഉണ്ടായിരിക്കുകയും, ശരീരത്തിലെ അവയവങ്ങളെല്ലാം പലതായിരിക്കെ, ഒരു ശരീരം ആയിരിക്കുന്നതുപോലെ ആകുന്നു ക്രിസ്തുവും.

3. അവൻ സഭയുടെ അടിസ്ഥാനമാണ്—3:11.

1 Cor. 3:11 യേശു ക്രിസ്തു എന്ന ഇട്ടിരിക്കുന്ന അടിസ്ഥാനമല്ലാതെ, മറ്റൊന്ന് ഇടുവാൻ ആർക്കും കഴിയുകയില്ല..

4. അവൻ ദൈവാലയമായ സഭയുടെ മൂലക്കല്ലാണ്—എഫെ. 2:20.

Eph. 2:20 ക്രിസ്തു യേശു തന്നെ മൂലക്കല്ലായിരിക്കെ, അപ്പൊസ്തലന്മാരും പ്രവാചകന്മാരും എന്ന അടിസ്ഥാനത്തിന്മേൽ പണിയപ്പെടുന്നു;

5. അവൻ പുതുമനുഷ്യന്റെ എല്ലാ അംഗങ്ങളുമാണ്—കൊലൊ. 3:10-11.

Col. 3:10 തന്നെ സൃഷ്ടിച്ചവന്റെ സ്വരൂപപ്രകാരം പൂർണ പരിജ്ഞാനത്തിങ്കലേക്ക് പുതുക്കപ്പെടുന്ന, പുതുമനുഷ്യനെ ധരിച്ചിരിക്കുന്നുവല്ലോ,

Col. 3:11 അവിടെ യവനനും യെഹൂദനും, പരിച്ഛേദനയും അഗ്രചർമവും, ബർബ്ബരൻ, ശകൻ, അടിമ, സ്വതന്ത്രൻ എന്നിവർ ഉണ്ടായിരിക്കുവാൻ കഴിയില്ല, ക്രിസ്തുവത്രേ എല്ലാവരും ആകുന്നു, എല്ലാവരിലും ആകുന്നു.

**V. അപ്രമേയമായി സമ്പന്നമായ നമ്മുടെ നല്ലദേശമായ, നമുക്ക് ഒന്നിനും കുറവില്ലാത്ത നമ്മുടെ നറുക്കിട്ടുനൽകപ്പെട്ട ഓഹരിയെന്ന നിലയിൽ ക്രിസ്തു, നമുക്ക് അനുദിനം അനുഭവമാക്കുവാനും ആസ്വദിക്കുവാനും കഴിയുന്ന നമ്മുടെ സകലത്തിനും മതിയായ ദൈവവും വലിയവനായ ഞാൻ ആകുന്നവനും ആണ്; സഭയെ തന്റെ ശരീരമായി കെട്ടുപണി ചെയ്യുക എന്നതും സഭയെ തന്റെ മടങ്ങിവരവിന് തന്റെ മണവാട്ടിയായി ഒരുക്കുക എന്നതുമായ തന്റെ ആവശ്യത്തെ സന്ധിക്കുന്നതിന് അവൻ താൻ ആയിരിക്കുന്നത് നമ്മുടെ ഏത് ആവശ്യത്തെയും സന്ധിക്കുന്നു—1:12; ആവ. 8:9; ഉല്പ. 17:1; ഫിലി. 1:19; യോഹ. 8:58; എബ്രാ. 11:6; മത്താ. 16:18; വെളി. 19:7-9; 21:2.**

Col. 1:12 വെളിച്ചത്തിലുള്ള വിശുദ്ധന്മാർക്ക് നറുക്കിട്ടുനൽകപ്പെട്ട ഓഹരിയുടെ പങ്കിനായി നിങ്ങളെ യോഗ്യരാക്കിയ പിതാവിനെ സ്തോത്രം ചെയ്യുന്നു;

Deut. 8:9 ഒലിവുവൃക്ഷവും തേനും ഉള്ള ദേശം; സുഭിക്ഷമായി ഉപജീവനം കഴിയാകുന്നതും ഒന്നിന്നും കുറവില്ലാത്തതുമായ ദേശം; കല്ലു ഇരിമ്പായിരിക്കുന്നതും മലകളിൽനിന്നു താമ്രം വെട്ടി എടുക്കുന്നതുമായ ദേശം.

Gen. 17:1 അബ്രാമിന്നു തൊണ്ണൂറ്റൊമ്പതു വയസ്സായപ്പോൾ യഹോവ അബ്രാമിന്നു പ്രത്യക്ഷനായി അവനോടു: ഞാൻ സർവ്വശക്തിയുള്ള ദൈവം ആകുന്നു; നീ എന്റെ മുമ്പാകെ നടന്നു നിഷ്കളങ്കനായിരിക്ക.

Phil. 1:19 നിങ്ങളുടെ അപേക്ഷയാലും യേശു ക്രിസ്തുവിന്റെ ആത്മാവിന്റെ ധാരാളമായ സഹായത്താലും ഇത് എനിക്ക് രക്ഷയ്ക്കായി ഭവിക്കും എന്നു ഞാൻ അറിയുന്നു,

| | |
|---|---|
| John. 8:58 | യേശു അവരോട്, സത്യമായി, സത്യമായി, ഞാൻ നിങ്ങളോട് പറയുന്നു, അബ്രാഹാം ഉളവായതിനുമുമ്പേ, ഞാൻ ആകുന്നു എന്നു പറഞ്ഞു. |
| Heb. 11:6 | എന്നാൽ വിശ്വാസം കൂടാതെ ദൈവത്തിനു സുപ്രസാദകരമാകുക അസാധ്യമാകുന്നു, എന്തെന്നാൽ ദൈവത്തിന്റെ അടുക്കൽ മുമ്പോട്ട് വരുന്നവൻ, ദൈവം ആകുന്നു എന്നും അവനെ ശുഷ്കാന്തിയോടെ അന്വേഷിക്കുന്നവർക്ക് അവൻ പ്രതിഫലം നൽകുന്നവനാകുന്നു എന്നും വിശ്വസിക്കണം. |
| Matt. 16:18 | നീ പത്രൊസ് ആകുന്നു; ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും, പാതാളകവാടങ്ങൾ അതിനെതിരെ പ്രബലപ്പെടുകയില്ല എന്നും ഞാൻ നിന്നോടു പറയുന്നു. |
| Rev. 19:7 | നാം സന്തോഷിച്ചുല്ലസിച്ച്, അവനു മഹത്വം കൊടുക്കുക, കുഞ്ഞാടിന്റെ വിവാഹം വന്നുവല്ലോ, അവന്റെ കാന്തയും തന്നെത്താൻ ഒരുക്കിയിരിക്കുന്നു. |
| Rev. 19:8 | അവൾക്കു ധരിക്കേണ്ടതിനു ശുഭ്രവും വെടിപ്പുമുള്ള നേരിയ ചണനൂൽ വസ്ത്രം നൽകിയിരുന്നു; നേരിയ ചണനൂൽ വസ്ത്രം വിശുദ്ധന്മാരുടെ നീതികൾ ആകുന്നു. |
| Rev. 19:9 | അവൻ എന്നോട്, എഴുതുക, കുഞ്ഞാടിന്റെ വിവാഹ അത്താഴത്തിലേക്ക് വിളിക്കപ്പെട്ടവർ അനുഗൃഹീതർ എന്നു പറഞ്ഞു. അവൻ എന്നോട്, ഇതു ദൈവത്തിന്റെ സത്യവചനങ്ങൾ ആകുന്നു എന്നു പറഞ്ഞു. |
| Rev. 21:2 | പുതിയ യെരൂശലേം എന്ന വിശുദ്ധനഗരം, അവളുടെ ഭർത്താവിനായി അലങ്കരിക്കപ്പെട്ട മണവാട്ടിയായി ഒരുക്കപ്പെട്ട്, സ്വർഗത്തിൽനിന്ന് ദൈവത്തിന്റെ പക്കൽനിന്ന് ഇറങ്ങിവരുന്നതു ഞാൻ കണ്ടു. |